വഖഫ് നിയമങ്ങളനുസരിച്ച് ഇവർ പ്രതിനിധാനം ചെയ്യുന്ന മേഖലകൾ അനുബന്ധ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.*

വഖഫ് എൻക്വയറി കമ്മീഷൻ പ്രവർത്തനത്തിന് ചെലവായ തുക

163 (6081) ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-10-2009-ന് അവസാനിച്ച വഖഫ് എൻക്വയറി കമ്മീഷന്റെ ഫയലുകളും മറ്റും മെമ്പർ സെക്രട്ടറിയെ ഏൽപ്പിക്കാൻ സാദ്ധ്യമല്ല എന്ന് കമ്മീഷൻ ചെയർമാൻ സർക്കാരിനെ അറിയിച്ചിരുന്നോ;

(ബി) ഇങ്ങനെ അറിയിക്കാനുള്ള കാരണമെന്താണ്; ഇത് സംബന്ധമായി കമ്മീഷൻ ചെയർമാൻ സർക്കാരിനയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രസ്തുത കത്തിൽ സർക്കാർ എന്ത് നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ;

(ഡി) വഖഫ് എൻക്വയറി കമ്മീഷൻ പ്രവർത്തനത്തിന് എന്തു തുക ചെലവായി എന്നു വ്യക്തമാക്കുമോ;

(ഇ) കമ്മീഷന്റെ ഫണ്ട് ചെലവ് ചെയ്തത് സംബന്ധിച്ചും മറ്റുമുള്ള കണക്ക് ഓഡിറ്റ് നടത്തണമെന്ന് കമ്മീഷൻ ചെയർമാൻ ആവശ്യപ്പെട്ടിരുന്നോ; ആയതിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 31-10-2009-ന് അവസാനിച്ച വഖഫ് എൻക്വയറി കമ്മീഷന്റെ ഫയലുകളും മറ്റും മെമ്പർ സെക്രട്ടറി കൈമാറ്റം ചെയ്യുന്നത് സുരക്ഷിതമല്ലെന്ന് കമ്മീഷൻ ചെയർമാൻ 8-2-2010-ലെ കത്ത് മുഖേന സർക്കാരിനെ അറിയിച്ചിരുന്നു.

(ബി) കമ്മീഷൻ മെമ്പർ സെക്രട്ടറി ശ്രീ. അബൂബക്കർ ചേങ്ങാട്ടിനെതിരെ തൃശൂർ വിജിലൻസ് കോടതിയിൽ CMP-611/2009 നമ്പർ കേസിലെ ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നിലവിലുള്ളതിന്റെ അടിസ്ഥാനത്തിലാണ് ചെയർമാൻ 8-2-2010-ന് കത്തയച്ചത്. ഇത് സംബന്ധിച്ച് കമ്മീഷൻ ചെയർമാൻ സർക്കാരിനയച്ച കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 16-4-2010-ാം തീയതിയിലെ G.O.(Rt)No.1773/2010/RD ഉത്തരവ് പ്രകാരം ഫയലുകൾ വഖഫ് എൻക്വയറി കമ്മീഷൻ ഓഫീസിൽ നിന്നും ഏറ്റെടുക്കുവാൻ റവന്യൂ (എഫ്) വകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി കൊണ്ട് ഉത്തരവാക്കിയതിന്റെ അടിസ്ഥാനത്തിൽ ഫയലുകൾ ഏറ്റെടുക്കുകയുണ്ടായി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വഖഫ് അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിന് 8,21,645,26 രൂപ ചെലവ് വന്നിട്ടുണ്ട്.

(ഇ) കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് ചെയ്യണമെന്ന ചെയർമാന്റെ കത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണ കമ്മീഷന്റെ കണക്കുകൾ ഓഡിറ്റ് നടത്തണമെന്ന് റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി എറണാകുളത്തെ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വഖഫ് അന്വേഷണ കമ്മീഷനിലെ അംഗങ്ങൾ

164 (6082) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് അന്വേഷണകമ്മീഷനിലെ എൻക്വയറി കമ്മീഷണർ, മെമ്പർ സെക്രട്ടറി എന്നിവർ ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ മെമ്പർസെക്രട്ടറി ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് വഹിച്ചിരുന്ന പദവിയും ഈ സർക്കാർ കാലത്ത് വഹിച്ചിരുന്ന പദവികളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) അദ്ദേഹത്തിന് സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചശേഷം കരാർ അടിസ്ഥാനത്തിലും സ്പെഷ്യൽ ഓഫീസറായും ഏതെല്ലാം പദവികൾ നൽകിയെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) വഖഫ് എൻക്വയറി കമ്മീഷൻ ചെയർമാൻ റിട്ടയേർഡ് ജില്ലാ ജഡ്ജ് ശ്രീ. എം. എ. നിസ്സാർ, മെമ്പർ സെക്രട്ടറി ശ്രീ. അബൂബക്കർ ചേങ്ങാട്ട് എന്നിവരായിരുന്നു.

(ബി & സി) വിവരം ശേഖരിച്ചുവരുന്നു.

വഖഫ് ബോർഡ് ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ക്രമക്കേടുകൾ

165 (6083) ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വഖഫ് ബോർഡ് ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണത്തിൽ ക്രമക്കേടുകൾ ഉണ്ടെന്ന അന്വേഷണ കമ്മീഷൻ റിപ്പോർട്ട് പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly